CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വൈദികരുടെ

# മൃതസംസ്കാര തിരുകർമ്മങ്ങൾ



Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ

വൈദികരുടെ ശവസംസ്കാരം.

Rights reserved

Ernakulam
3—7—1969

വില 1 രൂപ

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Christian Musicological Society of India

www.TheCMSIndia.org

Imprimatur:

+ JOSEPH CARDINAL PARECATTIL.
Archbishop's House,
Ernakulam.

16—7—1969

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# ആമുഖം

വൈദികരുടെ ശവസംസ്കാരം മൂന്നു ഭാഗങ്ങളായി– മൗത്വാകളായി– തിരിച്ചിരിക്കുന്നു. ശൂറായ (സങ്കീർത്തനം). ഓനീസ, മദ്‌രാശ എന്നിവയാണ് ഒരു മൗത്വായുടെ പ്രധാനഘടകങ്ങൾ. മൂലത്തിലെപ്പോലെതന്നെ അവയെല്ലാം വിവർത്തനത്തിലും കൃത്യമായി ചേർത്തിട്ടുണ്ട്. പേരുകൾ കഴിയുന്നിടത്തോളം മലയാളത്തിലാക്കുവാൻ ശ്രമിച്ചിരിക്കുന്നു എന്നുമാത്രം.

ആദ്യത്തെ മൗത്വാ മുറിയിൽവച്ചാണ് നടത്തുന്നത്. അതിനുശേഷം വഴിക്കാലാ പാടിക്കൊണ്ട് മൃതശരീരം പള്ളിയിലേയ്ക്ക് കൊണ്ടുപോകുന്നു. അവിടെവച്ചാണ് രണ്ടാം മൗത്വാ ചൊല്ലുന്നത്.

ശവസംസ്കാരത്തിന് തൊട്ടുമുമ്പുള്ള പ്രാർത്ഥനകളാണു മൂന്നാം ഭാഗത്തിൽ.

നടപ്പിലിരിക്കുന്ന കൈമുത്തലിനുപകരം പുഷ്പദലങ്ങളോ മറ്റോ ശവമഞ്ചത്തിൽ നിക്ഷേപിച്ച് അന്തിമാഭിവാദനം അർപ്പിക്കുക എന്ന പുതിയ ക്രമമാണ് സ്വീകരിച്ചിരിക്കുന്നത്. എന്നാൽ കൈമുത്താൻ ആഗ്രഹിക്കുന്നവർക്ക് അതിനുള്ള സൗകര്യം നല്കാവുന്നതാണ്.

പ്രാർത്ഥനകളിൽ പുരോഹിതൻ എന്നു ചേർത്തിരിക്കുന്നിടത്തെല്ലാം സന്ദർഭമനുസരിച്ച് മെത്രാൻ എന്നോ, പിതാവ് എന്നോ, സന്യാസിയെന്നോ മാറ്റി വായിക്കാവുന്നതാണ്.

Christian Musicological Society of India
www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# മരിച്ചവർക്കുവേണ്ടിയുള്ള തിരുക്കർമ്മങ്ങൾ

## വൈദികരുടെ ശവസംസ്കാരം

### ഒന്നാം ഭാഗം

ഒന്നാംഭാഗം മുറിയിൽവച്ചാണു നടത്തുക. കാർമ്മികൻ തിരുവസ്ത്രങ്ങളണിഞ്ഞു മൃതദേഹത്തിന്റെയടുക്കൽച്ചെന്നു നിന്നുകൊണ്ടു കർമ്മങ്ങൾ ആരംഭിക്കുന്നു.

സൂചന:- പനിനീരും ചന്ദനത്തിരിയും വെഞ്ചരിച്ചിട്ടില്ലെങ്കിൽ ആദ്യം അവ വെഞ്ചരിക്കുന്നു.

കാർമ്മി: പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ.

സമൂ: ആമ്മേൻ.

ശുശ്രൂ: പ്രാർത്ഥിക്കാം: നമുക്കു സമാധാനം.

കാർമ്മി: കാരുണ്യവാനായ കർത്താവേ, ഞങ്ങൾ അങ്ങയെ ആരാധിക്കുകയും, മഹനീയമായ ത്രിത്വത്തിന്റെ നിഗൂഢമായ ശക്തിയെ വാഴ്ത്തുകയും ചെയ്യുന്നു. അലംഘ്യമായ അങ്ങയുടെ കല്പനയനുസരിച്ചു ഞങ്ങളിൽനിന്നു

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



വേർപെട്ടു പോയിരിക്കുന്ന ഈ പുരോഹിതന്റെ ആത്മാവിനെ നിത്യാനന്ദത്തിലേക്കു പ്രവേശിപ്പിക്കണമെന്നു് അങ്ങയോടു ഞങ്ങൾ പ്രാർത്ഥിക്കുന്നു. സന്തോഷപൂർവ്വം അങ്ങയെ അനുഗമിക്കുകയും, പരിശുദ്ധമായ അങ്ങയുടെ മുന്തിരിത്തോട്ടത്തിൽ ആത്മാർത്ഥമായി ജോലിചെയ്യുകയും ചെയ്ത ഈ വിനീത ദാസനെ അങ്ങയുടെ സന്തോഷത്തിൽ പങ്കാളിയാക്കണമേ. ജീവന്റേയും മരണത്തിന്റേയും നാഥാ, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ സർവ്വേശ്വരാ.

സമൂ: ആമ്മേൻ.

## സങ്കീർത്തനം (21.)

ശുശ്രൂ: അങ്ങയുടെ ശക്തിയിലും മഹത്വത്തിലും
രാജാവു് ആനന്ദംകൊള്ളുന്നു.
മരിച്ചവരെ ഉയിർപ്പിക്കുന്നവനേ,
അങ്ങയുടെ തിരുനാമത്തിനു സ്തുതി.

സമൂഹം രണ്ടുഗണമായി തുടരുന്നു

അങ്ങയുടെ ശക്തിയിലും സഹായത്തിലും
രാജാവു് ആനന്ദംകൊള്ളുന്നു.
അദ്ദേഹത്തിന്റെ അഭിലാഷം അങ്ങു പൂർത്തിയാക്കി:
അദ്ദേഹത്തിന്റെ പ്രാർത്ഥന അങ്ങു നിരസിച്ചില്ല.
അങ്ങു് അദ്ദേഹത്തെ സമൃദ്ധമായി അനുഗ്രഹിക്കയും
കീർത്തിയുടെ കിരീടമണിയിക്കയും ചെയ്തു.
അദ്ദേഹം അങ്ങയോടു ജീവൻ ചോദിച്ചു:
അങ്ങു് അദ്ദേഹത്തിനു നിത്യായുസ്സു നല്കി.
അങ്ങയുടെ സഹായത്താൽ
അദ്ദേഹത്തിന്റെ മഹത്വം വർദ്ധിച്ചു.

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA



''ആദിമുതൽ എന്നേയ്ക്കും ആമ്മേൻ.''

കൃപയോലും നിൻ വലതുകരം
നീട്ടിയനുഗ്രഹമേകണമേ:
സഭയെ കാത്തു ഭരിക്കണമേ:
മരണത്തിൻ വായ് പൂട്ടണമേ:
ശാന്തിജഗത്തിൽ വിതയ്ക്കണമേ:
കരുണാനിധിയാം കർത്താവേ.

## മദ്ʼരാശ

(കുർബ്ബാന കഴിഞ്ഞുടനെയാണെങ്കിൽ)

(കാമ്പെൽമാറൻ . . .)

പുരോ: കൈക്കൊള്ളണമേ, ഹൃദയംഗമമാം
വിശ്വാസമൊടെ ദാസൻചെയ്യും
ബലിയെൻനാഥാ, തിരുസന്നിധിയിൽ.

സമൂ: കൈക്കൊള്ളണമേ...

പുരോ; പൂർവ്വന്മാർാം നോഹ് അബറാഹം
ഇസ്ഹാക്ക് യാക്കോബ് മഹിതാശയർതൻ
പരിപാവനമാം ബലികരംപോലെ.

സമൂ: കൈക്കൊള്ളണമേ...

പുരോ പുരുവത്സലരാം ശ്ലീഹരുമൊരുപോൽ
വിനയാന്വിതരായ് തവസന്നിധിയിൽ
ചെയ്തൊരുനവമാം ബലിപോൽനാഥാ.

സമൂ: കൈക്കൊള്ളമേ...

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

(മററവസരങ്ങളിൽ)

(ബ്ഹദ്മിൻ യൗമ്മീൻ)

പുരോ: മനുജനു ജന്മം നല്കിയ നാഥാ,
മരണത്തിൽ നീ പുനരുത്ഥാനം പകരുന്നല്ലോ
വാഴ്ത്തീടുന്നേൻ.

സമൂ: മനുജനു ജന്മം...

പുരോ: ഒഴുകിവരുന്നു വാനവഗാനം
പൂഴിയിൽനിന്നും മൃതരുണരുന്നു:
നിത്യവിരുന്നിൻ
പുലരിവരുന്നു,

സമൂ: മനുജനു ജന്മം...

പുരോ: പുതുമോഹനമപ്പുലരിയിൽ നാഥാ,
പൂങ്കതിരണിയും സുകൃതികളോടെ
നാകം ചേരാൻ
വരമരുളേണം

സമൂ: മനുജനുജന്മം...

Christian Musicological Society of India

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

Christian Musicological Society of India

PRINTED AT
THE NEETHIMAN PRESS CHOONDAL
(CARMELITE SISTERS)

1979

www.TheCMSIndia.org

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

For further information
regarding this text
Please contact
*library@thecmsindia.org*

Please join the
'CMSI Benefactors Club'
and support the ongoing projects of
Christian Musicological Society Of India

- DIGITAL LIBRARY
- ARAMAIC PROJECT
- ENCYCLOPEDIA OF SYRIAC CHANTS
- MUSIC ICONOGRAPHY
- CHRISTIAN ART
- RESOURCE FOR RESEARCHERS